(എ) ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇതിനായി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്നും പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പദ്ധതി നിർവ്വഹണവും നടത്തിപ്പിനുമായി 30 വർഷത്തെ കരാർ വ്യവസ്ഥയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. പദ്ധതി പൂർത്തിയാക്കുന്നതിന് സമയം നിശ്ചയിച്ചിട്ടില്ല. സ്വകാര്യ പങ്കാളിത്തം നിലവിൽ വരുന്നതിന് മുൻപ് 76,05,555 രൂപ പദ്ധതിയ്ക്കായി ചെലവാക്കിയിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തം നിലവിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് പദ്ധതിയ്ക്കായി തുക ചെലവാക്കിയിട്ടില്ല.

കിറ്റ്സ് കോഴ്സുകൾ

251 (5054) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിറ്റ്സിലെ ഏതെങ്കിലും കോഴ്സുകൾ പ്രൈവറ്റ് ഏജൻസികൾക്ക് ക്ലാസ്സുകൾ നടത്തുന്നതിനായി വിട്ടുനൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഏജൻസികളുടെ വിശദവിവരം നൽകുമോ ;

(ബി) ഇപ്രകാരം കിറ്റ്സിലെ കോഴ്സുകൾ സർക്കാരിതര ഏജൻസികൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) അത്തരം കോഴ്സുകൾ നടത്തുന്നതിന് കിറ്റ്സ് പ്രസ്തുത ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ എയർ കാർഗോ ഓപ്പറേഷൻസ് എന്നീ കോഴ്സുകൾ കിറ്റ്സിന്റെ ടെക്നിക്കൽ കൺസൾട്ടന്റായ M/s Xtreem Multimedia Technical Service Pvt.Ltd-ഉം കിറ്റ്സിന്റെ ഇൻഡസ്ട്രി പാർട്ട്ണർ ആയ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന i Nurture എന്ന സ്ഥാപനവും ചേർന്ന് നടത്തുന്നു. കിറ്റ്സിന്റെ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്കിൽ ഡെവലപ്മെന്റ് കൺസൾട്ടൻസി ആണ് എക്സ്പീം മൾട്ടിമീഡിയ. കേന്ദ്ര സർക്കാരിന്റെ എൻ.എസ്.ഡി.സി. ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡറും ഓട്ടോമോട്ടീവ് സ്കിൽ കൗൺസിലിൽ അഫിലിയേറ്റഡ് പാർട്ടണറും കേരള സർക്കാരിന്റെ സി ആപ്റ്റ് മൾട്ടിമീഡിയ അക്കാഡമിയുടെ ടെക്നിക്കൽ കൺസൾട്ടന്റുമാണ് ഈ സ്ഥാപനം. കിറ്റ്സിലെ പുതിയ സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതും കോഴ്സ് ഡെവലപ്മെന്റ് ചെയ്യുന്നതും, മാർക്കറ്റിംഗ് പ്ലാൻ ഉണ്ടാക്കുന്നതും കൂടാതെ കോഴ്സ് നടത്തിപ്പിനും വിദ്യാർത്ഥികളുടെ പ്ലേസ്മെന്റിനും, ഇന്റേൺഷിപ്പിനും വേണ്ടി ഇൻഡസ്ട്രി പാർട്ണറിനെ തിരഞ്ഞെടുക്കുന്നതും കോഴ്സിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതും എക്സ്പീം മൾട്ടിമീഡിയ ടെക്നിക്കൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് ആണ്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന i Nurture എന്ന സ്ഥാപനം രാജ്യത്തിനകത്തും പുറത്തുമായി വിവിധ യൂണിവേഴ്സിറ്റികളിൽ ഏറ്റവും ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനം ആണ്. രാജ്യത്തെ ഏകദേശം 17 യൂണിവേഴ്സിറ്റി കളിലും മറ്റ് പ്രശസ്ത കോളേജുകളിലും അവർ കോഴ്സുകൾ നടത്തുന്നുണ്ട്. കേരള സർക്കാരിന്റെ അസാപ് പ്രോജക്ടിലും i Nurture ട്രെയിനിംഗ് പ്രൊവൈഡർ ആയി സഹകരിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

തലശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

252 (5055) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.